സി.ടി.സ്കാൻ യൂണിറ്റ് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ന്യായവില മെഡിക്കൽ സ്റ്റോർ, എച്ച്.ഡി.സി. ലാബ് എന്നിവയും ഉണ്ട്.

(സി) നിർദ്ദിഷ്ട കെ.എച്ച്.ആർ.ഡബ്ല്യു. ടവർ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ അവിടെ ക്യാന്റീൻ സൗകര്യം കൂടി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) കെ.എച്ച്.ആർ.ഡബ്ല്യു.എസ്സ്. പേവാർഡിനോടുചേർന്ന് ന്യായ വില മെഡിക്കൽ സ്റ്റോറിന്റെ ഒരു എക്സ്റ്റൻഷൻ കൗണ്ടർ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടുതൽ എക്സ്റ്റൻഷൻ കൗണ്ടർ വാർഡുകൾ വേണമെന്ന ആവശ്യം പരിഗണനയിലില്ല.

ട്രോമാകെയർ യൂണിറ്റ്

92 (141) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ മെഡിക്കൽ കോളേജുകളിൽ ട്രോമോകെയർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്; ഇതിനായി ഓരോ മെഡിക്കൽ കോളേജുകളിലും ഒരുക്കിയിരിക്കുന്ന സംവിധാനം എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അദ്ധ്യാപകരുടേയും ഡോക്ടർമാരുടേയും ഒഴിവുകൾ എത്രയാണ്; ഇങ്ങനെ ഒഴിവ് ഉണ്ടാകുവാൻ കാരണം എന്താണ്; എത്രനാളായി ഈ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലായി എത്ര പാരാമെഡിക്കൽ സ്റ്റാഫിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(ഡി) ആരോഗ്യരംഗത്തെ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകിയ ടി.എൻ. ജയചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചോ; എങ്കിൽ ഏതൊക്കെ വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ട്?

ഉത്തരം

(എ) കോഴിക്കോട്, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമോകെയർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗത്തിൽ പഴയ ആർ.സി.സി. ബ്ലോക്കിൽ ട്രോമോകെയർ സംവിധാനം ലഭ്യമാണ്. ഇവിടെ ഒരു പ്രത്യേക ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ട്രോമോകെയറിന് വേണ്ടിയുള്ള കെട്ടിടം പണി പൂർത്തിയാവുകയും ഡോക്ടർമാരുടെയും നഴ്സുമാരുടെയും പുതുതായി സൃഷ്ടിച്ച തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തു.

കോട്ടയം മെഡിക്കൽ കോളേജിൽ ഇതിനുവേണ്ടിയുള്ള തീയറ്റർ കോംപ്ലക്സ് പണിത് പ്രവർത്തനം ആരംഭിക്കുകയും രണ്ടാംഘട്ടമായി റീസസിസ്റ്റേഷൻ റൂം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ വെന്റിലേറ്റർ, മോണിറ്റർ എന്നീ ഉപകരണങ്ങളും വാങ്ങിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ എല്ലാ സജ്ജീകരണങ്ങളോടും കൂടിയ ഐ.സി.യു.വും ആലപ്പുഴ മെഡിക്കൽ കോളേജിൽ ഒരു ഓപ്പ

LIBRARY ARCHIVES Kerala Legislative Assembly

റേഷൻ തീയറ്റർ, രണ്ടു കിടക്കകളുള്ള ഐ.സി.യു, റീസസിസ്റ്റേഷൻ മുറി മുതലായ സംവിധാനങ്ങളും ട്രോമോകെയർ യൂണിറ്റിനായുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അഞ്ചു മെഡിക്കൽ കോളേജുകളിലായി പാരാമെഡിക്കൽ സ്റ്റാഫിന്റെ 707 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ഡി) സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് ഘട്ടംഘട്ടമായി പടിപടിയായി നിരോധിക്കണമെന്നാണ് ജയചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ. കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ള ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള സേവനവേതന വ്യവസ്ഥകൾ നടപ്പിലാക്കിയശേഷം മാത്രമേ സ്വകാര്യ പ്രാക്ടീസ് നിറുത്തലാക്കാവു. അല്ലെങ്കിൽ ഫലം ആത്മഹത്യാപരമായിരിക്കും എന്നും കമ്മിഷൻ വ്യക്തമാക്കിയിട്ടുണ്ട്. തുടക്കമെന്നനിലയിൽ റീജിയണൽ കാൻസർ സെന്ററിൽ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് അവസാനിപ്പിക്കുകയുണ്ടായി.

ടൈഫോയിഡും എലിപ്പനിയും നിയന്ത്രിക്കുന്നതിന് നടപടി

93 (142) ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പടർന്നുപിടിച്ച ടൈഫോയിഡും എലിപ്പനിയും നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇപ്രകാരം സാംക്രമിക രോഗങ്ങൾ പടരാനിടയായ സാഹചര്യങ്ങളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ടൈഫോയിഡ് രോഗം ഒരു എപ്പിയമിക് എന്ന നിലയിൽ കാണപ്പെട്ടത് മലപ്പുറത്തും, എറണാകുളത്തും മാത്രമാണ്. കൂടാതെ മറ്റ് ചിലയിടത്ത് ഒറ്റപ്പെട്ട രോഗബാധയാണുണ്ടായിട്ടുള്ളത്. മലിനമായ ജലത്തിൽകൂടിയും ഭക്ഷണ പദാർത്ഥങ്ങളിൽകൂടിയും പകരുന്ന ഒരു രോഗമാണ് ടൈഫോയിഡ്. ഇത് നിയന്ത്രണവിധേയമാക്കാൻ താഴെപറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി:-

1. രോഗബാധിത പ്രദേശങ്ങളിലെ കിണറുകളിലും മറ്റും ക്ലോറിനേഷൻ നടത്തുകയും വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ ശുദ്ധജലവിതരണം സാദ്ധ്യമാക്കാനുള്ള നർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
2. കോർണർ മീറ്റിംഗുകളും മൈക്ക് പ്രചരണവും നോട്ടീസ് വിതരണവും വഴി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതു വഴി രോഗം പടർന്നുപിടിക്കുന്നത് നിയന്ത്രിക്കുവാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly